പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 591 — 11.6.2013-ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നവീകരിക്കുന്നതിനും... ലാഭകരമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളെ നവീകരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കൂടാതെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 2011-12 സാമ്പത്തിക വർഷം 107.60 കോടി രൂപയും 2012-13ൽ 176.72 കോടിരൂപയും നൽകിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രൊഫഷണലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2013-14 സാമ്പത്തിക വർഷത്തിൽ Revival and Rejuvenation of PSUs-[4885-60-800-96(P)] എന്ന പ്ലാൻസ്കീമിൽ പൊതുമേഖലാസ്ഥാപനങ്ങൾക്കായി 80.00 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമേ, കാര്യക്ഷമത വർധിപ്പിച്ച് ലാഭകരമാക്കുവാൻ ശ്രമം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനവും നവീകരണത്തിനുള്ള സഹായവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ മാർജിൻമണി സർക്കാർ നൽകുന്നതാണ്. ഇതിനായി 15 കോടി രൂപ 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. |

Adithab

സെക്ഷൻ ഓഫീസർ

അനുബന്ധം

1. **നവീകരണ വിപുലീകരണ പദ്ധതികൾ**
നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ അടുത്ത അഞ്ച് വർഷത്തെ വികസന സാധ്യത മുൻനിർത്തിയുള്ള വൈവിധ്യവൽക്കരണം, പുതിയ സാങ്കേതിക വിദ്യയുടെ കൂട്ടിച്ചേർക്കൽ, നിലവിലുള്ള പ്ലാൻറുകളുടെ നവീകരണം, ആവശ്യമുള്ള പുതിയ മെഷീനറികൾ സ്ഥാപിക്കുക, കമ്പനിക്കാവശ്യമായ തൊഴിലാളികളുടെ നിയമനം, പരിശീലനം തുടങ്ങിയവ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള ഒരു സ്പെഷ്യൽ പദ്ധതിയും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

2. **എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്** : വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി ERP സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുകയും,. കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance-ൻെറ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

3. **MOU സംവിധാനം** : MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിൻെറ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെൻറ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതു കൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്. ഈ സാമ്പത്തികവർഷം 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ അവലോകനം (External Evaluation) നടത്തുന്നതിനായി Centre for Management Development- നെ ഏർപ്പിച്ചിരിക്കുകയുമാണ്.

4. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ തിരഞ്ഞെടുക്കുവാൻ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസും (BPE) റീസ്ട്രക്ച്ചറിംഗ് ആൻറ് ഇൻേറണൽ ആഡിറ്റ് ബോർഡും (RIAB) സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ബോർഡിൻെറ പ്രവർത്തനങ്ങൾക്കായി പ്രാരംഭമായി രണ്ടു കോടിരൂപയുടെ ഭരണാനുമതി 2012-13 സാമ്പത്തികവർഷം

നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് ഉത്തരവിറങ്ങിയിട്ടുണ്ട്.

5. പൊതുമേഖലാസ്ഥാപനങ്ങളുടെ കുടിശ്ശികയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് തീർക്കുന്നതിനും 2012-13 മുതൽ സമ്പത്തിക കണക്കുകളുടെ ആഡിറ്റ് ആ സാമ്പത്തിക വർഷം പൂർത്തിയാക്കി 3 മാസത്തിനുള്ളിൽ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള സമയ ബന്ധിതമായ പദ്ധതി നടപ്പിലാക്കി വരുന്നു.

6. ഓരോ വർഷത്തെയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതികളും നേരത്തെ തയ്യാറാക്കി അത് കൈവരിക്കുന്നതിന്റെ പുരോഗതി എല്ലാ മാസവും RIAB മുഖേന അവലോകനം ചെയ്തു വരുന്നു.

7. മികച്ച പൊതുമേഖലാ സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ നൽകി വരുന്നു.

8. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KSIDC യിൽ സ്ഥാപിച്ച സൗരോർജ്ജ പദ്ധതി ഇതിനകം തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

9. പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിലയിരുത്തി ശക്തിപ്പെടുത്തേണ്ടതുണ്ട്.

10. ടെക്സ്റ്റൈൽ മേഖലയിലെ ഉൽപന്നങ്ങൾക്ക് യഥാർത്ഥ വില ലഭ്യമാകുവാൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു വിദഗ്ദ സമിതി രൂപീകരിക്കും.

11. വ്യവസായ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനം കൃത്യമായി സംയോജിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിന്റെ സഹായത്തോടെ വ്യവസായ വകുപ്പിന്റെ ഇൻറർനെറ്റ് അടിസ്ഥാനത്തിലുള്ള ഒരു portal സംവിധാനം നിലവിൽ വന്നു.

12. 2010-11ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുവേഗം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിയമന നടപടികൾക്ക് നേതൃത്വം വഹിക്കുവാൻ റിയാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി NIC-യുടെ പോർട്ടൽ ഉപയോഗിച്ച് Online-ൽ അപേക്ഷകൾ ക്ഷണിക്കുകയും അതനുസരിച്ച് പരീക്ഷകൾ നടത്തുകയും തുടർനടപടികൾ നടന്നുവരുകയുമാണ്.

13. വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൻെറ ഭാഗമായി 2012 ഓഗസ്റ്റ് 1 മുതൽ ഒരു ലക്ഷത്തിനു മുകളിലുള്ള എല്ലാ ഇടപാടുകളും e-procurement സംവിധാനത്തിൻ കീഴിൽ മാത്രമാണ് നടത്തുന്നത്. ഇ-പ്രൊക്യൂർമെൻറിൻെറ ഭാഗമായുള്ള **"ഇ-പേയ്മെൻറ്"** സംവിധാനവും നടപ്പിലാക്കികഴിഞ്ഞു. ഇതിൻെറ ഭാഗമായി NIC-യുടെ സഹായത്തോടെ പൊതുമേഖലാസ്ഥാപങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. E-portal വഴി ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും നടപ്പിലാക്കുന്നതാണ്.

14. **വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെൻറുകളുടെ ഡിജിറ്റൈസേഷൻ**
സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിൻെറ ഭാഗമായി എല്ലാ വാണിജ്യ ഇടപാടുകളും സംബന്ധിച്ചുള്ള രേഖകൾ അതാത് കമ്പനികളുടെ വെബ് സൈറ്റുകളിൽ ഇടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ടെണ്ടർ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും, കരാർ നൽകിയതിൻെറയും, സാധനങ്ങൾ വാങ്ങിയതിൻെറയും, തുകനൽകിയതും സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതാണ്.

15. **പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം** : വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായ നടത്തുന്നതിൻെറ ഭാഗമായി മാനേജീരിയൽ കാറ്റഗറിയിലും കരാറടിസ്ഥാനത്തിലും ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും RIAB-ൻെറ മേൽനോട്ടത്തിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രവർത്തനം നിലച്ചുകിടന്നിരുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ആസ്തികളും മറ്റ് സൗകര്യങ്ങളും വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

Afthab
സെക്ഷൻ ഓഫീസർ